# ഇന്ത്യക്ക് ഇസ്രായേലിനോട് അസൂയ

**ശശി തരൂർ**
പരിഭാഷ: സീന ആന്റണി.

ഗാസയിൽ നിന്ന് ഇസ്രയേൽ വിമാനങ്ങളും ടാങ്കുകളുമൊക്കെ കനത്ത ചുങ്കം പിരിയ്ക്കുന്നത് ഇന്ത്യയിലെ നേതാക്കന്മാരും നയതന്ത്രജ്ഞരും വളരെ താല്പര്യത്തോടെയാണ് വീക്ഷിക്കുന്നത്. സൈനിക നടപടികൾ നിറുത്തണമെന്ന് ലോകരാഷ്ട്രങ്ങളുടെ ആവശ്യത്തോടൊപ്പം ഇന്ത്യൻ ഭരണകൂടവും ചേർന്നതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ ഇസ്രയേൽ ജനതക്കുമേൽ ഹമാസ് ആസ്ഥാനമാക്കി നടത്തുന്ന സൈനിക ആക്രമണങ്ങളെ ചെറുക്കാൻ ഇസ്രയേൽ പുതുതായി പ്രകടിപ്പിച്ച ദൃഢനിശ്ചയം ഇസ്രയേലിനെതിരായ ഇന്ത്യയുടെ വിമർശനങ്ങളെ നിശബ്ദമാക്കി.

നവംബറിലെ മുംബൈ ഭീകരാക്രമണത്തിന്റെ വേദനയുളവാക്കുന്ന ഭീതിയോടെ ഇന്ത്യയിലെ പലരും ചോദിക്കുകയുണ്ടായി. എന്തുകൊണ്ട് നമുക്കും ഇതുപോലെ (ഇസ്രയേലിന്റെ പോലെ) ചെയ്തുകൂടാ? പ്രതികരിച്ചുകൂടാ?

തീവ്രവാദികൾ ചബാദ് ഹൗസ് പിടിച്ചെടുക്കാനുള്ള ശ്രമം നടത്തിയതോടെയാണ് ഇന്ത്യയുടേയും ഇസ്രായേലിന്റേയും ശത്രുക്കൾ ഒന്നാണെന്ന് വേദനയോടെ തിരിച്ചറിഞ്ഞത്. ഇന്ത്യയിലെ 150 മില്യൺ മുസ്ലീങ്ങളും പാലസ്തീന് ഒരു സ്വതന്ത്രരാഷ്ട്രം വേണമെന്ന ആശയത്തോട് പൂർണ യോജിപ്പുള്ളവരും പാലസ്തീനെപിന്താങ്ങുന്നവരുമാണ്. പക്ഷേ 'ജൂതന്മാരും അവരുടെ സഹായികളും' എന്ന ശത്രുക്കളുടെ പട്ടികയിൽ ഇന്ത്യയേയും ആഗോള മുസ്ലീം തീവ്രവാദികൾ ഉൾപ്പെടുത്തിക്കഴിഞ്ഞു എന്ന വസ്തുത മുംബൈ ഭീകരാക്രമണത്തോടെ മറ നീക്കി പുറത്തു വന്നു.

ഇസ്രായേൽ അതിർത്തികളിൽ റോക്കറ്റാക്രമണങ്ങളെ നേരിടുന്നതുപോലെ ഇന്ത്യയിലും അയൽരാജ്യമായ പാക്കിസ്ഥാനിൽനിന്നും പരിശീലനവും ധനസഹായവും ലഭിക്കുന്ന തീവ്രവാദികളുടെ ആക്രമണങ്ങളെ നേരിടേണ്ടി വരുന്നു.

മുൻ അമേരിക്കൻ പ്രസിഡണ്ട് ജോർജ്ജ് ഡബ്ല്യൂ. ബുഷ് ഹമാസിലെ അംഗങ്ങളും മുംബൈ ആക്രമണകാരികളും സമന്മാരെന്ന് പറഞ്ഞപ്പോൾ ആ പ്രസ്ഥാവനഇന്ത്യയിൽ വൻ ശ്രദ്ധ പിടിച്ചു പറ്റി.

എന്നിരുന്നാലും ഇസ്രായേലും ഇന്ത്യയും തമ്മിൽ ചില സമാന്തര തലങ്ങളുണ്ട്. എപ്പോഴും ഉപരോധത്തിൽ കഴിയുന്ന സുരക്ഷാബോധമുള്ള എതിർ ശക്തികളാൽ വലയം ചെയ്യപ്പെട്ട ഒരു ചെറിയ രാജ്യമാണ് ഇസ്രായേൽ. പക്ഷേ ഇന്ത്യ ഒരു വലിയ രാജ്യമാണ്. അതിന്റെ അതിർത്തികൾ പരന്നു കിടക്കുന്നു. അയഞ്ഞ ഒരു സമൂഹമാണ് ഇവിടെയുള്ളത്.

ഇസ്രായേലിന്റെ പ്രധാനസവിശേഷതയായി അംഗീകരിക്കപ്പെടുന്നത് ആ രാജ്യത്തിന്റെ ശക്തമായ നിലപാടുകളാണ്. തീവ്രവാദികൾക്ക് എളുപ്പത്തിൽ ഭേദിക്കാവുന്ന മൃദുരാഷ്ട്രമായിട്ടാണ് ഇന്ത്യൻ പൗരന്മാർ പോലും ഇന്ത്യയെ വീക്ഷിക്കുന്നത്. ഇസ്രായേൽ സ്വന്തം മണ്ണിൽ നടന്ന പോരാട്ടങ്ങൾക്ക് ശക്തമായി പകരം ചോദിച്ചപ്പോൾ ഇന്ത്യ നിശബ്ദമായ ആത്മസംയമനമാണ് ഇന്ത്യയിലെ 6 പ്രമുഖ സ്ഥലങ്ങളിൽ 2008ൽ മാത്രം നടന്ന സ്ഫോടനങ്ങളടക്കമുള്ള ആക്രമണങ്ങളോട് പാലിച്ചത്. ഇറാഖ് കഴിഞ്ഞാൽ ഭീകരവാദം ഏറ്റവുമധികം ജീവനെടുക്കുന്ന ഒരു രാഷ്ട്രമാണ് ഇന്ത്യ. പക്ഷേ ഇസ്രയേലിനെപ്പോലെ ഇന്ത്യക്ക് അതിനെതിരെ ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. കൂടാതെ ഇസ്രായേലിന്റെ പ്രമുഖ എതിരാളി 'ഹമാസ്' മാത്രമാണെന്നിരിക്കെ ഇന്ത്യക്ക് ലഷ്കർ- ഇ- തൊയ്ബ, ജയ്യാത്ത്-മുഹമ്മദ്, ജമാത്ത്-ഉദ്-ദവ തുടങ്ങിയ നിരവധി തീവ്രവാദിസംഘടനകളെ നേരിടേണ്ടതുണ്ട്. അന്തർദ്ദേശീയ അംഗീകാരം ഇല്ലാതെയാണ് ഗാസയിൽ നിന്ന് ഹമാസ് പ്രവർത്തിക്കുന്നതെങ്കിൽ ഇവിടെ ഐക്യരാഷ്ട്രസംഘടനയിലെ പരമാധികാര അംഗമായ പാക്കിസ്ഥാൻ ആസ്ഥാനമാക്കിയാണ് ഇന്ത്യയ്ക്കെതിരായി ഈ സംഘടനകൾ പ്രവർത്തിക്കുന്നത്. അവിടെയാണ് വ്യത്യാസം.

ഇസ്രായേലിന്റെ വ്യോമാക്രമണങ്ങളേയും സൈനികാക്രമണങ്ങളേയും പ്രതിരോധിക്കാനുള്ള കരുത്ത് ഹമാസിനില്ല. പക്ഷേ ഇന്ത്യയുടെ സ്ഥിതി അതല്ല. കേവലം ഒരു ഭീകരസംഘടനയേയോ അവരുടെ ക്യാമ്പിനേയോ ലക്ഷ്യമാക്കി ആക്രമണം നടത്തിയാൽ പോലും പാക്കിസ്ഥാൻ സൈന്യത്തിൽ നിന്നും പ്രത്യാക്രമണം (സൈനിക നടപടി) ഉണ്ടാകും. അതുകൊണ്ടാണ് ഇന്ത്യ, മുംബൈ ആക്രണം ആസൂത്രണം ചെയ്യത് പാക്കിസ്ഥാനിൽ ആണെന്നും നടപ്പിലാക്കിയത് പാക്കിസ്ഥാനികൾ ആണെന്നുമുള്ള തെളിവ് ലോകജനതയ്ക്കു മുമ്പാകെ ബോധ്യപ്പെടുത്തിയത്. പാക്കിസ്ഥാനിലെ ദുർബലമായ സിവിലിയൻ ഭരണകൂടത്തിന് രാജ്യത്തിലെ പ്രതിലോമശക്തികൾക്കെതിരെ നടപടിയെടുക്കാൻ ഈ തെളിവുകൾ ഉപകരിച്ചേക്കുമെന്ന് ചെറിയൊരു പ്രതീക്ഷ ഇന്ത്യയ്ക്കുണ്ടായിരുന്നു. പക്ഷേ പാക്കിസ്ഥാന്റെ പ്രതികരണം നിഷേധാത്മകമായിരുന്നു.

അഫ്ഗാനിസ്ഥാനിലും ഇന്ത്യയിലും പാക്കിസ്ഥാന്റെ നയവ്യാപനത്തിനുള്ള ഉപകരണങ്ങളായി ഭീകരസംഘടനകളെ രൂപീകരിക്കുകയും 2 പതിറ്റാണ്ടുകളായി വളർത്തുകയും ചെയ്യത് പാക്കിസ്ഥാനിലെ ശക്തമായ സൈനിക ഭരണകൂടവും ഇന്റിലിജൻസുമാണ് എന്നതിൽ ഒരു സംശയവുമില്ല.

കഴിഞ്ഞ ജൂലൈ മാസത്തിൽ കാബൂളിലെ ഇന്ത്യൻ എംബസിയ്ക്കു നേരെയുണ്ടായ ചാവേർ ആക്രമണത്തിനു പുറകിൽ പ്രവർത്തിച്ചത് പാക്കിസ്ഥാൻ Interservice Intelligence ആണെന്ന് അമേരിക്കൻ ഇന്റലിജൻസ് വൃത്തങ്ങൾ അറിയിച്ചെങ്കിലും അതിനെക്കുറിച്ച് അന്വേഷിക്കാൻ പാക്കിസ്ഥാൻ തയ്യാറായില്ല. ഇന്ത്യയുടെ നയതന്ത്രജ്ഞരെ വധിച്ചതിന്റെ പേരിൽ പാക്കിസ്ഥാനെതിരെ ഒരു യുദ്ധത്തിന് ഇന്ത്യ തയ്യാറാവില്ലെന്ന് ISI യ്ക്ക് അറിയാമായിരുന്നു.

യുദ്ധം കൊണ്ട് ഒന്നും നേടാനാവില്ല എന്ന യാഥാർത്ഥ്യം ഇന്ത്യയ്ക്കറിയാം. ഇത് തന്നെയാണ് ഭീകരർ ആഗ്രഹിക്കുന്നതും.

ഇസ്രായേൽ തങ്ങളുടെ എതിരാളികൾക്കെതിരെ പോരാടുന്നതും അവർക്കെതിരെ റോക്കറ്റ് വിക്ഷേപി

ശേഷം 13-ാം പേജിൽ

# ശശി തരൂരിന്റെ കോക്കകോള തന്ത്രത്തിനു മുമ്പിൽ കോൺഗ്രസ്സ് തലകുനിക്കരുത്

സുകുമാർ അഴീക്കോട്

ശശിതരൂരിനെ പടങ്ങളിലൂടെ കണ്ടു തുടങ്ങിയതോടെ അതിന് ഒരു പെൺമുഖത്തിന്റെ ഛായയുണ്ടെന്ന് പറഞ്ഞുകേൾക്കുന്നുണ്ട്. ഭാഗ്യവാനാണെന്നും തെളിഞ്ഞു. പക്ഷേ. ഇപ്പോൾ ആൾ ഒരു ഇരട്ട ആരോപണത്തിന്റെ നടുവിലാണ്. തരൂരിന് കൊക്കകോളാ കമ്പനിയുമായുള്ള അടുപ്പമാണ് രണ്ടാമത്തെ ആരോപണത്തിനു പിന്നിൽ. യേൽ സർവകലാശാലയിലെ പ്രഭാഷണം സ്പോൺസർ ചെയ്തത് കൊക്കകോളകമ്പനിയാണ്. തെരഞ്ഞെടുപ്പു ചെലവും അവർ, ഇക്കണക്കിന് വഹിച്ചുകൂടായ്കയില്ല. കേരളത്തിൽ ജനപ്രിയം, കൂട്ടാൻ കൂട്ടുപിടിക്കാവുന്ന ഒരു സുഹൃത്തല്ല കോളക്കമ്പനി. ഇതിനകം കോള ഗ്രൗണ്ട് വാട്ടർ അതോറിറ്റി അംഗമായ ഡോ. എസ് ഫൈസി ശശി തരൂരിന് വസ്തുനിഷ്ഠമായ മറുപടി നൽകിക്കഴിഞ്ഞു. കോടതിയിൽ നിലനിൽക്കുന്ന. കോടതിയിൽ ഈ വിഷയത്തിൽ തീരുമാനമെടുത്തതും ശശി തരൂർ അറിഞ്ഞിരിക്കേണ്ടതാണ്. 2004 ജനുവരിയിൽ കോളക്കമ്പനി സ്ഥിതിചെയ്യുന്ന പ്ലാച്ചിമടയിൽ കൂടിയ ലോകജലസമ്മേളനത്തിൽ ഇന്ത്യയിലെയും ലോകത്തിലെയും ധാരാളം വിദഗ്ധർ പങ്കെടുത്തു. അന്ന് ഈ ലേഖകനോടൊപ്പം വേദിയിൽനിന്ന് 'പ്ലാച്ചിമട പ്രഖ്യാപനം' ലോകത്തിന് സമർപ്പിച്ച് മോഡ് വിക്ടോറിയ ബാർലോ എന്ന കനേഡിയൻ എഴുത്തുകാരി ('ബ്ലൂ ഗോൾഡ് എന്ന കൃതി രചിച്ച)യെ ശശിക്ക് പരിചയമുണ്ടാകണം. അവർ ഇപ്പോൾ ഐക്യരാഷ്ട്രസഭയുടെ ജലവിഭവം സംബന്ധിച്ചുള്ള ഫസ്റ്റ് സീനിയർ അഡ്വൈസർ ആണ്. ഈ മഹാൻ കോളക്കുട്ടനായി നടക്കുമ്പോൾ, അദ്ദേഹം സ്ഥാനമൊഴിഞ്ഞ ഐക്യരാഷ്ട്രസഭ മാർച്ച് ഇരുപത്തിരണ്ട് ലോക ജലദിനമായി ആഘോഷിക്കുന്നു എന്ന് ഇദ്ദേഹത്തെ ഓർമിപ്പിക്കട്ടേ! നാട്ടുകാരാം വിദേശനേതാക്കളും പാലക്കാട്ടെ ജലവിനാശവും പരിസ്ഥിതി മലിനീകരണവും നടത്തിയിരുന്ന കൊക്കകോള കമ്പനി അടച്ചുപൂട്ടണമെന്ന് വാദിക്കുമ്പോൾ ഒരു പാലക്കാട്ടുകാരൻ അമേരിക്കയിൽനിന്ന് ഇറങ്ങിവന്ന് കോളക്കമ്പനിയുടെ ധനം പറ്റിക്കൊണ്ട് കമ്പനിയുടെ പ്രവർത്തനം നിർവിഘ്നം തുടരുന്നതിന് ഉപദേശം നൽകാൻ സദാ സന്നദ്ധമായിരിക്കുന്നുവെന്നത് ജനങ്ങളെ അസ്വസ്ഥരാക്കിയിട്ടുണ്ട്. അതും കടന്ന് ആ വ്യക്തി പാർലമെന്റിൽ പ്രവേശിക്കാൻ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി മത്സരിക്കുന്നുവെന്നത് അവരെ ഭയപ്പെടുത്താതിരിക്കില്ല ഇദ്ദേഹം ആരുടെ പ്രതിനിധിയായിട്ടാണ് ലോക്സഭാംഗമാകാൻ മുതിരുന്നത്-ജനങ്ങളുടെയോ വിദേശകമ്പനിയുടേയോ? പാലക്കാട്ടെ ഭൂഗർഭജലം ഊറ്റിയെടുത്ത് കുപ്പിയിലാക്കി അതുമിതം കലക്കി ഈ രാജ്യത്തെ എണ്ണമില്ലാത്ത അതുമിതും കലക്കി ഈ രാജ്യത്തെ എണ്ണമില്ലാത്ത അങ്ങാടികളിൽ വിറ്റ് വൻലാഭമുണ്ടാക്കുന്ന കമ്പനിയ്ക്കുവേണ്ടിയാണ് അദ്ദേഹം ഇപ്പോൾ സംസാരിച്ചുകേൾക്കുന്നത്. അവരുടെ ചെലവിലാണ് അദ്ദേഹത്തിന്റെ പൊതുപരിപാടികൾ പലതും നടക്കുന്നത്. അവർക്കുവേണ്ടി വാദിക്കുന്ന ഒരു പ്രശസ്ത വ്യക്തി ഇന്ത്യൻ പാർലമെന്റിൽ പ്രവേശിക്കുന്നതിന്റെ ഗുണം എന്തെന്ന് കമ്പനിക്ക് അറിയാതെ വരില്ലല്ലോ, അപ്പോൾ തെരഞ്ഞെടുപ്പു ചെലവും അവർ വഹിക്കുന്നുവെങ്കിൽ അത് ന്യായം മാത്രം.

ജനങ്ങളിൽ ഈ വിധത്തിലുള്ള ആശങ്കകളും ഭയങ്ങളും ഉളവാക്കികഴിഞ്ഞ ഒരാളെ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി അംഗീകരിക്കുക എന്നത് ചിന്തിക്കാൻ പറ്റാത്ത ഒരു അനീതിയാണ്. ദേശീയവും ജനകീയവുമായ താല്പര്യങ്ങൾക്ക് എതിരെ പ്രവർത്തിക്കുന്നതിന് തടസ്സമല്ല ഈ ഐക്യരാഷ്ട്രസഭ പ്രശസ്തി. പ്ലാച്ചിമട സമരം വർഷങ്ങളോളം നടന്ന ഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിരുന്ന കോൺഗ്രസ് മന്ത്രിസഭ സമരത്തിന് ഒട്ടും അനുകൂലമായ നിലപാടല്ല കൈകൊണ്ടിരിക്കുന്നത്. കോൺഗ്രസ് നേതാക്കൾ വിലയില്ലാത്ത കുറെ വാക്കുകൾ പറഞ്ഞുവെന്നേയുള്ളു. 2004 ൽ നടന്ന ജലസമ്മേളനത്തിൽ ഈ നേതാക്കൾ ആരും പങ്കെടുത്തില്ല.

കോൺഗ്രസ്സിന്റെ ഈ പഴയ കൊക്കകോളബന്ധം എന്തെന്ന് നല്ലപോലെ മനസ്സിലാക്കിയിട്ടാകാം ശശി തരൂർ സ്ഥാനാർത്ഥി ടിക്കറ്റ് നിഷ്പ്രയാസം നേടിയെടുക്കാൻ വിദേശക്കമ്പനിയുടെ പ്രതിനിധിയായി പ്രവർത്തിക്കുന്നുണ്ടെന്ന സർട്ടിഫിക്കറ്റോടുകൂടി പാർട്ടിയെ സമീപിച്ചത്. സ്ഥാനാർത്ഥി പരിഗണനയിൽ പെടുകയും ചെയ്തു. അത്രത്തോളം അദ്ദേഹത്തിന്റെ 'തന്ത്രം' ഫലിച്ചു.

(2009 ഏപ്രിൽ 3 'ദേശാഭിമാനി' ലേഖനത്തിൽ നിന്നുള്ള ഭാഗങ്ങൾ)

---

11-ാം പേജ് തുടർച്ച

**ഇന്ത്യക്ക് ഇസ്രായേലിനോട് ...**

ക്കുന്നവരും വധിക്കുന്നതും അവരുടെ റോക്കറ്റ് വിക്ഷേപണകേന്ദ്രങ്ങളെ തകർക്കുന്നതും കാണുമ്പോൾ, പാക്കിസ്ഥാനെതിരെ ഇതുപോലെ ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്ന് ഇന്ത്യക്കാർക്ക് ചിന്തിക്കാതിരിക്കാൻ കഴിയുന്നില്ല. പക്ഷേ അങ്ങനെചെയ്യുന്നതു വഴി ഇരു രാജ്യങ്ങൾക്കും കനത്ത നഷ്ടം നേരിടേണ്ടി വരുമെന്ന് ഇന്ത്യയ്ക്കറിയാം. അതിന്റെ വില സാധാരണ ജനങ്ങളുടെ ജീവനാണെന്ന് ഇന്ത്യ മനസ്സിലാക്കുന്നു. കൂടാതെ ഇങ്ങനെയൊരു നടപടി നിയന്ത്രണാതീതമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. അതുകൊണ്ട് ഇന്ത്യക്കാർ അന്തർദ്ദേശീയ നയതന്ത്രങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുകയാണ്. തങ്ങൾക്ക് ചെയ്യാൻ കഴിയാത്തത് ഇസ്രായേൽ ചെയ്യുന്നതുകാണാൻ അതിയായ ആഗ്രഹം ഇന്ത്യക്കാർക്കുണ്ട്.